# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2662 — 14/12/2015 -ൽ മറുപടിക്ക്

## തിരുവല്ലം മധുപാലത്ത് കെ. നാഗരാജന് പൈപ്പ് ലൈൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ശിവൻകുട്ടി | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന്റെ 10/9/2015-ലെ A4/33010/2015 നമ്പർ ഉത്തരവ് പ്രകാരം തിരുവല്ലം മധുപാലത്തിന് സമീപം സർവ്വശ്രീ. കെ. നാഗരാജൻ, കെ. പ്രസാദ് എന്നിവർക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി പൈപ്പ് ലൈൻ സ്ഥാപിച്ച് നൽകാൻ കേരള വാട്ടർ അതോറിറ്റി കര്യാത്തി സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയോ; | (എ) ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും ടി ഉത്തരവ് നടപ്പിലാക്കാത്ത ഉദ്യോഗസ്ഥനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും പ്രസ്തുത ഉത്തരവ് എന്നത്തേക്ക് നടപ്പിലാക്കുമെന്നും വ്യക്തമാക്കുമോ? | (ബി) തിരുവല്ലം മധുപാലത്തിന് സമീപം സർവ്വശ്രീ. കെ. നാഗരാജൻ, കെ. പ്രസാദ് എന്നിവർ നൽകിയ അപേക്ഷ പ്രകാരം സ്ഥല പരിശോധന നടത്തിയിരുന്നു. ടി വീടുകളുടെ വടക്കുഭാഗത്തായി ഏകദേശം 50 മീറ്റർ അകലെ വാട്ടർ അതോറിറ്റിയുടെ 110 എം.എം പി.വി.സി പൈപ്പ് ലൈനാണ്. ഈ ലൈനിൽ നിന്നും പൈപ്പ് കണക്ഷൻ നടവഴിയായി ഉപയോഗിക്കുന്ന സ്ഥലത്തു കൂടി പൈപ്പിട്ടാണ് നൽകേണ്ടിയിരുന്നത്. എന്നാൽ 16/2/2015-ന് ശ്രീ. പി.വിജയനും ശ്രീമതി. നാഗമ്മ വിജയനും ഒരു പരാതി നൽകിയിരുന്നു. ടി പരാതിയിൽ നടവഴിയായി ഉപയോഗിക്കുന്നത് തങ്ങളുടെ സ്ഥലമാണെന്നും അവിടെ വഴിയില്ലായെന്നും |

അതിലൂടെ പൈപ്പിട്ട് വാട്ടർ കണക്ഷൻ നൽകരുതെന്നും അഭ്യർത്ഥിച്ചിരുന്നു. ശ്രീ. പ്രസാദ്, ശ്രീ. നാഗരാജൻ എന്നിവർക്ക് കുടിവെള്ളം നൽകുന്നതിനുള്ള പൈപ്പ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ അത് റവന്യൂ അധികാരികൾ പരിഹരിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകുന്നതാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ